## പത്രക്കുറിപ്പ്

# ബസ്സ് കണ്ടക്ടറെ മർദ്ദിച്ച യാത്രക്കാരൻ പിടിയിൽ

## കോവിഡ് സുരക്ഷാ പരിശോധന ശക്തമായി തുടരുന്നു

## വിലക്ക് ലംഘനം: 459 പേർക്കെതിരെ നിയമനടപടി 1,47,000/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- വിഴിഞ്ഞത്ത് കെ.എസ്.ആർ.ടി.സി ബസ്സിലെ കണ്ടക്ടറെ ക്രൂരമായി മർദ്ദിച്ച് കൃത്യനിർവ്വഹണത്തിന് തടസ്സം വരുത്തിയ പ്രതിയെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. വെങ്ങാനൂർ അണ്ടൂർവിളാകം എസ്.ആർ ഭവനിൽ വിശ്വംഭരൻ (55)-നെയാണ് വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്തത്.

ഇന്നലെ(13-04-2021) രാവിലെ 6 മണിയ്ക്കാണ് വിഴിഞ്ഞം- വെങ്ങാനൂർ റൂട്ടിലെ ബസ്സ് കണ്ടക്ടറായ അരുവിക്കര സ്വദേശി വിശ്വനാഥിന് ബസ്സിൽ വച്ച് മർദ്ദനമേറ്റത്. യാത്രക്കാരനായ പ്രതി ടിക്കറ്റ് എടുക്കാത്തത് ചോദ്യം ചെയ്തതിലുള്ള വിരോധത്താൽ കണ്ടക്ടറെ ചവിട്ടി വീഴ്ത്തുകയും കൈയ്യിൽ പൊതിഞ്ഞ് സൂക്ഷിച്ചിരുന്ന വെട്ടുകത്തി കൊണ്ട് മുഖത്ത് ഇടിച്ച് പരിക്കേൽപ്പിക്കുകയുമായിരുന്നു. സംഭവം അറിഞ്ഞ് സ്ഥലത്തെത്തിയ



വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്ത
വിശ്വംഭരൻ (55)

പോലീസിനെ കണ്ട് ഓടി രക്ഷപ്പെടാൻ ശ്രമിച്ച പ്രതിയെ പോലീസ് പിൻതുടർന്ന് പിടികൂടുകയായിരുന്നു. വിഴിഞ്ഞം

എസ്.എച്ച്.ഒ രമേഷ്, എസ്.ഐ-മാരായ രാജേഷ്, സുരേഷ്, സി.പി.ഒ സജൻ എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## കോവിഡ് സുരക്ഷാ കേസ് വിവരം

കോവിഡ് രോഗവ്യപാനം വർദ്ധിച്ച വരുന്ന സാഹചര്യത്തിൽ സുരക്ഷാ പരിശോധന പോലീസ് ശക്തമായി തുടരുന്നു. തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (13-04-2021) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 459 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 159 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 286 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 8 പേരിൽ നിന്നുമായി 1,42,000/- രൂപ പിഴ ഈടാക്കി. കൂടാതെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 4 വാഹനങ്ങൾക്കെതിരെയും 2 കടകൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി
13-04-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി